8092/2013

WEBSITE: www.keralapsc.gov.in
Address: "KERSERCOM"

E-MAIL: kpsc@keralapsc.org
Telephone: 0471-2447201

# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

നമ്പർ: ഡി.ഇ I (1) 12074/2012/പ.വി (47)

തിരുവനന്തപുരം,
തീയതി : 01.02.2013

06.04

പ്രേഷിതൻ
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
തിരുവനന്തപുരം.

സ്വീകർത്താവ്
The Transport Commissioner
Transport Commissionerate
Motor Vehicles Department
Thiruvananthapuram

സർ,

വിഷയം : ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് - പരീക്ഷാർത്ഥികളുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും / അഡ്മിഷൻ ടിക്കറ്റും സാക്ഷ്യപ്പെടുത്തുന്നതിലെ സൂക്ഷ്മത സംബന്ധിച്ച്

********

താങ്കളെ താഴെപറയും പ്രകാരം അറിയിക്കുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിൽ പങ്കെടുക്കുന്ന പരീക്ഷാർത്ഥികൾ ഓഫീസ് മേധാവിയോ, കൺട്രോളിംഗ് ഓഫീസറോ, വകുപ്പ് മേധാവിയോ സാക്ഷ്യപ്പെടുത്തിയ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റും, അഡ്മിഷൻ ടിക്കറ്റും പരീക്ഷാവേളയിൽ ഹാജരാക്കേണ്ടതാണ്. പരീക്ഷാർത്ഥിയുടെ ഒപ്പ്, ഫോട്ടോ, പേര് എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനോടൊപ്പം, ഫ്രീ ചാൻസ് അവകാശപ്പെടുകയാണെങ്കിൽ (പ്രസ്തുത പരീക്ഷ obligatory ആണെന്നും, മുൻപ് ഫ്രീ ചാൻസ് ഉപയോഗിച്ചിട്ടില്ലെന്നും, ടിയാളുടെ സർവ്വീസ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്നും) ആയത് പരിശോധിക്കുകയും പരീക്ഷാഫീസ് / സർട്ടിഫിക്കറ്റ് ഫീസ് എന്നിവ അടച്ച original chalan പരിശോധിക്കുകയും ചെയ്തതിന് ശേഷമാണ് ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടത്. ഇതുമായി ബന്ധപ്പെട്ട ഭാഗത്ത് (boxes)

(മറുപുറം)

ആവശ്യമായ രേഖപ്പെടുത്തൽ (tick mark) വരുത്താതെ സാക്ഷ്യപ്പെടുത്തൽ വരുത്തിയാൽ ആയത് അസാധുവായി കണക്കാക്കുന്നതാണ്. ഓഫീസ് മുദ്രയോടൊപ്പം സാക്ഷ്യപ്പെടുത്തുന്ന മേലധികാരിയുടെ ഒപ്പ്, പേര്, തസ്തികയുടെ പേര് എന്നിവയോരോന്നും വ്യക്തമായിത്തന്നെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിലും അഡ്മിഷൻ ടിക്കറ്റിലും രേഖപ്പെടുത്തേണ്ടതാണ്. ഇവയിലേതെങ്കിലുമൊന്ന് വിട്ടു പോകുന്നതിനാലും അപൂർണ്ണമോ, അവ്യക്തമോ ആയ സാക്ഷ്യപ്പെടുത്തലുകൾ കാരണമായും പല പരീക്ഷാർത്ഥികൾക്കും പരീക്ഷ എഴുതുവാനുള്ള അവസരം നഷ്ടമാവുകയും എഴുതിയ പരീക്ഷ അസാധുവാക്കപ്പെടുകയും ചെയ്യും.

ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് എഴുതുവാനുള്ള ഒരു പരീക്ഷാർത്ഥിയുടെ അർഹത നിർണ്ണയിക്കുന്നതിൽ മേൽ സാക്ഷ്യപ്പെടുത്തലുകൾ നിർബന്ധമായിരിക്കുന്നതിനാൽ, ടി വിഷയത്തിൽ അതീവ ശ്രദ്ധയും, സൂക്ഷ്മതയും പുലർത്താൻ താങ്കളുടെ വകുപ്പിലെ ഓഫീസ് മേധാവികൾക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(signature)

ലൈല ദാസ്
ജോയിന്റ് സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കുവേണ്ടി

Endt No. A5/8092/TC/2013 dtd 15-04-2013

Copy forwarded to all DTCs, RTOs and Joint RTOs for information.

(signature)
For. Sr. AO.